**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6324** **20.11.2019-ൽ മറുപടിക്ക്**

**ദിവസക്കൂലി മിനിമം അറുന്നൂറ് രൂപ ആക്കുന്നതിന് നടപടികൾ**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| ശ്രീ.കെ.ജെ. മാക്സി : | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് ദിവസക്കൂലി മിനിമം അറുന്നൂറ് രൂപ ലഭ്യമാക്കാനുള്ള സർക്കാർ നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണ്; നാളിതുവരെ ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭ്യമാക്കി; വിശദാംശം ലഭ്യമാക്കാമോ; | (എ) | വിവിധ മേഖലകളിലെ തൊഴിൽ സാഹചര്യവും വേതന വ്യവസ്ഥയും പരിശോധിച്ച്, തൊഴിലാളികളുടെ കുറഞ്ഞ വേതനം നിശ്ചയിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നതാണ് സർക്കാരിന്റെ തൊഴിൽ നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ളത്. ആയതു പ്രകാരം കുറഞ്ഞ പ്രതിദിന വേതനം 600 രൂപ ആയിരിക്കണമെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. വിവിധ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്ന ഘട്ടത്തിൽ ഈ പൊതു സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ആശുപത്രി മേഖലയിൽ ഇതിന്റെ പ്രയോജനം ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ കാലയളവിനുള്ളിൽ തൊഴിലാളികൾക്ക് മിനിമം ദിവസക്കൂലി ഇനിയും പുതുക്കി നിശ്ചയിക്കേണ്ടുന്ന മേഖലകൾ ഏതെല്ലാം; ആയത് എപ്പോൾ പൂർത്തിയാക്കുവാൻ സാധിക്കും; വിശദാംശം വ്യക്തമാക്കാമോ; | (ബി) | ഇനിയും 39 തൊഴിൽമേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുവാനുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | മിനിമം കൂലി പുതുക്കി നൽകാത്തതുകൊണ്ട് തൊഴിൽ വകുപ്പ് ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര സ്ഥാപനങ്ങൾക്കെതിരെ എപ്രകാരമുള്ള നടപടി എടുത്തിട്ടുണ്ട്; അവ ഏതെല്ലാം; വ്യക്തമാക്കാമോ? | (സി) | മിനിമം കൂലി പുതുക്കി നൽകാത്ത സ്ഥാപനങ്ങളിൽ തൊഴിൽവകുപ്പ് പരിശോധന നടത്തി ക്ലെയിം പെറ്റീഷൻ നൽകിയിട്ടുള്ളവയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

## മിനിമം വേതനം പുതുക്കി നിശ്ചയിക്കാനുള്ള മേഖലകളും അതിനായി സ്വീകരിച്ച നടപടികളും

| ക്രമ. നം. | തൊഴിൽ മേഖല | സ്വീകരിച്ച നടപടി |
|---|---|---|
| 1. | മൈനർ എഞ്ചിനീയറിംഗ് | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 2. | റൈസ്മിൽ, ഫ്ളവർമിൽ, ദാൽമിൽ | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 3. | ബ്ളോക്ക് റബ്ബർ ഫാക്ടറീസ് | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 4. | ഗാർമെന്റ് മേക്കിംഗ് | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 5. | പെട്രോൾപമ്പ് | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 6. | ലിക്വർ ട്രേഡിംഗ് ആൻറ് വെൻറിംഗ് | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 7. | കുടനിർമ്മാണം | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 8. | തീപ്പെട്ടി വ്യവസായം | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 9. | ഫുഡ് പ്രോസസിംഗ് ഇൻഡസ്ട്രി | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 10. | മാർബിൾ ആൻറ് ഗ്രാനൈറ്റ് ഇൻഡസ്ട്രി | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 11. | കമ്പ്യൂട്ടർ സോഫ്റ്റ് വെയർ | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 12 | ഡ്രൈയിംഗ് ഓഫ് കോക്കനട്ട് മേക്കിംഗ് ഫോർ കൊപ്ര | മിനിമം വേതന ഉപദേശക സമിതിയിൽ നിന്നും ശുപാർശ സർക്കാരിന് ലഭ്യമാകേണ്ടതുണ്ട്. |
| 13 | സ്ക്രീൻ പ്രിൻറിംഗ് | “ |
| 14. | ട്രീ ക്ലൈംബിംങ് | “ |
| 15. | ബ്രിക്സ് മാനുഫാക്ചറിംഗ് | 18/051-12/19 ലെ സ.ഉ (പി) 38/2019/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം തെളിവെടുപ്പുകൾ നടത്തി സർക്കാരിന് ശുപാർശ സമർപ്പിക്കുന്നതിനായി മിനിമം വേതന ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. |
| 16. | വയർകട്ട് ബ്രിക്സ് | ” |
| 17. | ഇലക്ട്രോണിക് ഇൻഡസ്ട്രി | ” |
| 18. | ടിംബർ കട്ടിംഗ് | ” |
| 19. | എൽ.പി.ഗ്യാസ് | ”. |

| | | |
|---|---|---|
| 20. | ബ്രൂവറീസ് | ,, |
| 21. | ഹോസിയറി മാനുഫാക്ചറിംഗ് | ,, |
| 22. | സ്റ്റാർ ഹോട്ടൽ | ,, |
| 23. | അലുമിനിയം ആൻറ് ടിൻ പ്രോഡക്റ്റ് | ,, |
| 24. | ടെലിഫിലിം ആൻറ് മോഷൻ പിക്ചർ | " |
| 25. | പ്ലാസ്റ്റിക് ഇൻഡസ്ട്രി | ,, |
| 26. | പവർലൂം | ,, |
| 27. | പ്രൈവറ്റ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്(നോൺ ടീച്ചിംഗ്) | ,, |
| 28. | പ്രൈവറ്റ് ടെംപിൾസ് | ,, |
| 29. | ഇലക്ട്രിക് എക്വിപ്മെൻറ്സ് ഹോം അപ്ലൈയൻസ് ആൻറ് ഓപ്പറേഷൻസ് ഓഫ് സോഫ്റ്റ് വെയർ സിസ്റ്റം | ,, |
| 30. | മെക്കനൈസ്ഡ് ഫിഷ് ക്യാച്ചിംഗ് | ,, |
| 31. | സോപ്പ് മാനുഫാക്ചറിഗ് | ,, |
| 32. | ടാനറീസ് ആൻറ് ലെതർ മാനുഫാക്ചറിംഗ് | ,, |
| 33. | വാട്ടർ ബോട്ട് ട്രാൻസ്പോർട്ട് | " |
| 34. | കയർ വ്യവസായം | ,, |
| 35. | കൺസ്ട്രക്ഷൻ ആൻറ് മെയിൻറനൻസ് ഓഫ് ഡാംസ് | ,, |
| 36. | ഡയമണ്ട് കട്ടിംഗ് & പോളീഷിംഗ് | ,, |
| 37. | ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫീസ് | ,, |
| 38 | ടൈൽ ഇൻഡസ്ട്രീസ് | ലേബർ കമ്മീഷണർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ച വരുന്നു. |
| 39. | പ്ലാന്റേഷൻസ് | മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് പ്ലാന്റേഷൻസ് ലേബർ കമ്മിറ്റിയിൽ ചർച്ച നടന്നു വരുന്നു. 2019 ഫെബ്രുവരി മാസം മുതൽ പ്രതിദിനം 50 രൂപ ഇടക്കാലാശ്വാസം അനുവദിച്ചിട്ടുണ്ട്. |
| | | |

സെക്ഷൻ ഓഫീസർ.

അനുബന്ധം 2

**മിനിമം കൂലി പുതുക്കി നൽകാത്ത സ്ഥാപനങ്ങളിൽ തൊഴിൽവകുപ്പ് പരിശോധന നടത്തി ക്ലെയിം പെറ്റീഷൻ നൽകിയിട്ടുള്ളവയുടെ ലിസ്റ്റ്**

| ക്രമ നം. | ജില്ല | സ്ഥാപന പരിശോധനകളുടെ എണ്ണം | ക്ലെയിം പെറ്റീഷനുകളുടെ എണ്ണം |
|---|---|---|---|
| 1. | തിരുവനന്തപുരം | 12639 | 107 |
| 2. | കൊല്ലം | 15896 | 228 |
| 3. | പത്തനംതിട്ട | 3207 | 13 |
| 4. | ആലപ്പുഴ | 7749 | 123 |
| 5. | എറണാകുളം | 8045 | 199 |
| 6. | കോട്ടയം | 11677 | 145 |
| 7. | ഇടുക്കി | 4032 | 27 |
| 8. | പാലക്കാട് | 6224 | 68 |
| 9. | തൃശ്ശൂർ | 12311 | 325 |
| 10. | കണ്ണൂർ | 6622 | 408 |
| 11. | മലപ്പുറം | 5237 | 192 |
| 12.. | വയനാട് | 3143 | 85 |
| 13. | കാസർഗോഡ് | 1903 | 166 |
| 14. | കോഴിക്കോട് | 1081 | 92 |

സെക്ഷൻ ഓഫീസർ.